**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം നഗരസഭയിൽ ശ്രീ. ജി. ഗിരിയുടെ ഉടമസ്ഥതയിലുള്ള M/s. ചെക്ക്മേറ്റ് റിസോർട്ട് - വസ്തുനികുതി ഇളവിനായുള്ള വേക്കൻസി റമിഷൻ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ )നം.1334/2021/ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം: 14/07/2021

---

പരാമർശം:
1) ശ്രീ. ജി. ഗിരി, ചെക്ക്മേറ്റ് ബീച്ച് റിസോർട്ട് 01.08.2018-ൽ സമർപ്പിച്ച അപേക്ഷ.
2) നഗരകാര്യ ഡയറക്ടറുടെ 25.07.2018, 28.02.2019, 23.11.2020 തീയതികളിലെ ജി.1-9122/2018 നമ്പർ കത്തുകൾ.
3) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.09.2018-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
4) കൊല്ലം മുനിസിപ്പൽ കോർപറേഷൻ കൗൺസിലിന്റെ 28.01.2019 തീയതിയിലെ 11-ാം നമ്പർ തീരുമാനം.
5) കൊല്ലം മുനിസിപ്പൽ കോർപറേഷൻ കൗൺസിലിന്റെ 26.02.2020 തീയതിയിലെ 24-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

കൊല്ലം മുനിസിപ്പൽ കോർപറേഷനിൽ ഉൾപ്പെട്ട തിരുമുല്ലവാരത്ത് കൊല്ലം വെസ്റ്റ് വില്ലേജിൽ എസ്-272/2 ൽപ്പെട്ട സ്ഥലത്ത് ശ്രീ. ജി. ഗിരി, ഗാങ്ഗോ, എം.ആർ.എ.106, മുണ്ടക്കൽ വെസ്റ്റ്, കൊല്ലം എന്ന വ്യക്തി "ചെക്ക്മേറ്റ് റിസോർട്ട്" എന്ന പേരിൽ നിർമ്മിച്ചിട്ടുള്ള ഹോട്ടൽ കെട്ടിടങ്ങൾക്ക് ഉടമസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 30.04.1990 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ഒക്കുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾക്ക് XXXII/1667/477A മുതൽ 1690/477X വരെ നമ്പർ നൽകി 1990-91 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതിയും നിശ്ചയിച്ചു.

2) ചെക്ക്മേറ്റ് റിസോർട്ട് എന്ന പേരിൽ നിർമ്മിച്ച കെട്ടിടത്തിന് നിർമ്മാണാനുമതി നൽകുന്ന ഘട്ടത്തിൽ ടി സ്ഥലത്ത് CRZ(Costal Regulation Zone) നിയമം ബാധകമായിരുന്നില്ല. എന്നാൽ ഒക്കുപൻസി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന സമയത്ത് പ്രസ്തുത നിയമം ബാധകമായതിനാൽ 18.07.2013 തീയതിയിൽ മാത്രമാണ് ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകിയത്. കെട്ടിട നിർമ്മാണം പൂർത്തിയായ 30.04.1990 തീയതി മുതലാണ് ഒക്കുപൻസി സർട്ടിഫിക്കറ്റ് മുൻകാല പ്രാബല്യത്തോടെ അനുവദിച്ചത്. 30.04.1990 തീയതി മുതൽ 18.07.2013 തീയതി വരെയുള്ള കാലഘട്ടത്തിൽ കെട്ടിടം പ്രവർത്തിച്ചിരുന്നില്ല. ഈ കാലയളവിൽ വേക്കൻസി റമിഷനുള്ള അപേക്ഷയും ഉടമ സമർപ്പിച്ചിരുന്നില്ല. ഇക്കാരണങ്ങൾ കൊണ്ടു തന്നെ വളരെ വലിയ തുക വസ്തുനികുതി കുടിശ്ശികയായി. നിലവിൽ ടി കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) കെട്ടിടങ്ങൾ പ്രവർത്തനരഹിതമായി കിടന്ന കാലഘട്ടത്തിലെ വസ്തുനികുതി കുടിശിക ഒഴിവാക്കണമെന്ന് പരാമർശം (1) പ്രകാരം കെട്ടിട ഉടമ അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച്, 1994 ലെ മുനിസിപ്പാലിറ്റി ആക്ട് 239-ാം വകുപ്പ് പ്രകാരമുള്ള വേക്കൻസി റമിഷൻ അപേക്ഷ ഓരോ ആറുമാസം കൂടുമ്പോഴും മുൻകൂറായി സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയത് മാപ്പാക്കി നൽകുന്ന കാര്യത്തിൽ കോർപ്പറേഷൻ കൗൺസിൽ തീരുമാനമെടുക്കേണ്ടതാണ് എന്ന് പരാമർശം (3) പ്രകാരം തീരുമാനമെടുത്തു. തുടർന്ന്, കെട്ടിട നമ്പർ യഥാസമയം ലഭിക്കാത്തതിനാൽ പ്രവർത്തനരഹിതമായി കിടന്ന ചെക്ക്മേറ്റ് റിസോർട്ട് കെട്ടിടങ്ങൾക്ക് പ്രസ്തുത കാലയളവായ 01.04.1990 മുതൽ 18.07.2013 വരെ വേക്കൻസി റമിഷന് അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം സർക്കാർ അനുമതിയോടെ മാപ്പാക്കി നൽകുവാൻ കൊല്ലം നഗരസഭ കൗൺസിൽ പരാമർശം (4) പ്രകാരം തീരുമാനിച്ചു. കൂടാതെ, പരാമർശം (3) തീരുമാനം പ്രകാരം, ഉടമസ്ഥനായ ശ്രീ. ജി. ഗിരി, ഈ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) No.11405/2014 കേസ് പിൻവലിയ്ക്കുകയുണ്ടായി. മാത്രമല്ല, കൊല്ലം നഗരസഭാ കൗൺസിലിന്റെ പരാമർശം (4) തീരുമാന പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ നികുതിയിളവ് ലഭിക്കുന്നതിനുള്ള അനുമതി ഉത്തരവിനായി കത്തയക്കുന്നതിന് പരാമർശം (5) പ്രകാരം കൊല്ലം നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും, പ്രസ്തുത തീരുമാനം നഗരകാര്യ ഡയറക്ടർ പരാമർശം (2) മുഖേന സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3), (4), (5) തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചെക്ക്മേറ്റ് റിസോർട്ട്, കൊല്ലം പ്രവർത്തനരഹിതമായി കിടന്ന 01.04.1990 മുതൽ 18.07.2013 വരെ കാലയളവിലേക്ക് വേക്കൻസി റമിഷന് 1994 ലെ മുനിസിപ്പാലിറ്റി ആക്ട് 239-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സൗരഭ് ജെയിൻ**

**സെക്രട്ടറി**

ശ്രീ. ജി. ഗിരി, (ചെക്ക്മേറ്റ് റിസോർട്ട്) എം.ആർ.എ. 106, മുണ്ടക്കൽ വെസ്റ്റ്, കൊല്ലം
സെക്രട്ടറി, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I/ഓഡിറ്റ്-II), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.സി2/62/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Bindu T

സെക്ഷൻ ഓഫീസർ